

# ഓമനപ്പൈതൽ

പാലാ നാരായണൻനായർ

6949

ചിത്രങ്ങൾ:
ഏ. എസ്. നായർ



പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.00

(Malayalam)
# OMANAPAIDAL
Children's Literature
**By PALAI NARAYANAN NAIR**

Illustrated by
A. S. NAIR

First Published 14th November 1961

Printed at
Victory Press, Kottayam

Price Re. 1.00

Copyright
Sahitya Pravarthaka C. S. Ltd.

Publishers:
**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:
NATIONAL BOOK STALL
Kottayam Kerala State India

CHILDREN'S DAY 1961
Special Series Bk-12

S1267 B819 47/61-62 1-5000




പൂവസന്തം വീശി—പൂമണവും പൂശി
ഭൂവിനുണർവേകിടുന്ന നാഥനെ നമിക്കാം!

പുഞ്ചിരിച്ചു ചാലേ—നെഞ്ചിലലിവാലേ
സഞ്ചരിക്കുമഞ്ചിതനാം നാഥനെ നമിക്കാം!

മൂവുലകും മൂടി—മുക്തിഗാനം പാടി
മൂലമന്ത്രമായി നില്ക്കും നാഥനെ നമിക്കാം!

തീവെയിലിലൂടേ—പൂനിലാവിലൂടേ
ശ്രീ വിതച്ചു കൊയ്തിടുന്ന നാഥനെ നമിക്കാം!

താരകങ്ങൾ തിങ്ങും—നീലവാനിലെങ്ങും
താണിറങ്ങി നമ്മെ നോക്കും നാഥനെ നമിക്കാം!

പൊൻപുലരിക്കിമ്പം—ചേർക്കുമർക്കബിംബം
പമ്പരം കറക്കിടുന്ന നാഥനെ നമിക്കാം!

പുൽക്കൊടിക്കുംകൂടി—പൊൽക്കിരീടം ചാർത്തി
ചിൽക്കലയായ് ലാലസിക്കും നാഥനെ നമിക്കാം!

# ഓണം വരുന്നു



അത്തം വന്നൊരു ചെടി നട്ടു
ചിത്തിരനാളിൽ പൂവിട്ടു
ചോതിക്കപ്പോൾ നിലവിട്ടു
ചോദിക്കാതുടനതിരിട്ടു!

ചാരുവിശാഖം വന്നെത്തി
ചാരുതയാളും രംഗത്തിൽ
അനിഴം തുള്ളീ വൃത്തത്തിൽ
അനിശം പൂവിളി നീളത്തിൽ

കേട്ടും കണ്ടും വന്നോടം
കേട്ടയ്ക്കുള്ളൊരു പൂമാടം
മൂലം നേടീ കളിയോടം
മൂളിപ്പാടീ പൂരാടം.

ഉത്രാടത്തിൻ കല്യാണം
മുത്താലേററൂ തിരുവോണം

മലയാളത്തിൻ കൊടിപൊങ്ങി
മഹനീയോത്സവമിടതിങ്ങി
മലയും കാടും പൂതിങ്ങി
നലമായ് നേടീ പുതുഭംഗി.

# കുട്ടിയുടെ പാട്ട്

മാടത്തിൻ മുററത്തു തത്തിക്കളിക്കിണ
മാടത്തക്കുഞ്ഞിന്റ പൊന്നോണം!
പാടത്തു നീളെപ്പറക്കിണ പൈങ്കിളീ
പാടിത്തരുമോ നീ താരാട്ട്!...
കിലുകിലെപ്പൊട്ടിച്ചിരിക്കിണതെന്തിന്റ
കുലവാഴത്തേനുണ്ണുമണ്ണാനേ!...
മഞ്ഞപ്പറവേ, നീ വട്ടം കറങ്ങാതെ
കുഞ്ഞിനൊരുമ്മ കൊടുക്കാമോ?...
പട്ടം പറത്തണ ചക്കിപ്പരുന്തേ, നീ
പൊട്ടിനിലത്തേയ്ക്കു വീണാലോ!...
തുമ്പി, നമുക്കൊന്നു തുള്ളേണ്ടേ, പൂച്ചെടി-
ത്തുമ്പിലിരുന്നു വിറച്ചാലോ!...
അമ്മ വരിണുണ്ടു, കുഞ്ഞിനൊരിത്തിരി
അമ്മിഞ്ഞപ്പാലുകുടിക്കേണം!...

# ഓമനപ്പൈതൽ

ഒരു ചെറുശിശുവെക്കണ്ടാലും!
ഓമന മലരെക്കണ്ടാലും!

കരചരണത്തിൻ ചലനങ്ങൾ
കണ്ണും കരളും കവരുന്നു!

തരളം തരളം വിലസുന്നു
താരം വിരിയും നയനങ്ങൾ.

ചൊകചൊക നിറമായ് മിന്നുന്നു!
ചോരച്ചെപ്പാം ചൊടിരണ്ടും.

പുതുചന്ദ്രിക പോലതിലൂടേ
പുഞ്ചിരിയൊഴുകിപ്പോകുന്നു!...

കരിനിഴലിടയിടെ വീഴിക്കും
കാർമേഘങ്ങളുമിഴയുന്നു!...



ചപല സ്വപ്നചലച്ചിത്രം
ചാമ്പും മിഴികളിലൂറുന്നു!....

ഇല്ലേ, ഇല്ലേ, കരയൊല്ലേ!...
വല്ലാതുള്ളിൽത്തട്ടില്ലേ?

കമനീയം, രമണീയം
കാണുക, ജീവിതലഘുകാവ്യം!
കലപോലേ, കണിപോലേ
കരളിൻ കരളാൽ പരിസേവ്യം!

കോരകമേ, നിൻ കണിയാൽ
വീടിതു വാടികപോലായി!
കോമളമേ, നിൻ ജനനം
നാകവികാസം പോലായി!

നിന്നിൽക്കാണ്മൂ, നിർമ്മലമാം
വിണ്ണിന്നുള്ളൊരു നിർവൃതികൾ
നന്ദനവനവും മഴവില്ലും
സുന്ദരഗംഗാവീചികളും

നിഴലിക്കുന്നു നിന്മെയ്യിൽ
നിരുപമജന്മം, നിൻജന്മം!

മന്നാളും—മാധുര്യം
കുഞ്ഞേ, നിന്നെപ്പുൽകാനായ്
എന്നാളും—നില്ക്കുന്നു;
കണ്ണു തുറക്കു, കണ്മണിയേ!

പൂവിതളാം—കാലുകളും
        പൂരിതസുഷമം വിരലുകളും
ശ്രീ വിതറും—പൂവുടലും
        പൂരികക്കൊടിയും കവിളുകളും!

കാണട്ടേ, കാണട്ടേ,
        ശാരദവാസന്തോല്ലാസം
ചേണന്പും—നിന്നുടലിൽ
        കാണികൾ കൗതുകപരിവേഷം!

പുണ്യപ്പൊരുളേ, നീയെന്തീ-
മണ്ണിൽത്താനേ നീന്തുന്നു?...
കണ്ണിന്നമൃതേ, തെരുതെരെ നി-
ന്നുണ്ണിക്കൈകാലിളകുന്നു.
        പിച്ചപ്പിച്ച നടക്കാമോ?...
        അച്ഛനെവന്നു പിടിയ്ക്കാമോ?...

പുഞ്ചിരി തൂകാൻ മാത്രം, ഹാ!
നിൻചൊടി മന്ദം വിടരുന്നു!
        വഞ്ചനകൂടാതറിവെല്ലാം
        സഞ്ചിതമാണാച്ചെറുചിരിയിൽ.
        നിൻ കളികാണും ലോകത്തിൻ
        സങ്കടമെല്ലാമൊഴിവാകും

കമനീയം, രമണീയം
കാണുക, ജീവിതലഘുകാവ്യം!



# അമ്മയും മകനും

തിണ്ണയിൽ ബാലചാപലം തീർത്ത
മണ്ണുകൊണ്ടൊരു വിഗ്രഹം!

നിണ്ണയമതിൽ നീലക്കാറൊളി-
വണ്ണനെക്കണ്ടു കണ്മണി;
വെണ്ണയെക്കട്ടു കുട്ടകാക്കേക-
മുണ്ണിയെക്കണ്ടു കണ്മണി;
അമ്മതൻ മുൻപിൽ വാപിളർത്തന്നൊ-
രുണ്മയെക്കണ്ടു കണ്മണി;

പൈക്കുലങ്ങളിൽ പാട്ടു പാടുന്ന
പൈതലെക്കണ്ടു കണ്മണി;
കാലിമേയ്ക്കുവാൻ കാടകം പൂകും
ബാലനെക്കണ്ടു കണ്മണി;
കാളിയമദമർദ്ദനം ചെയ്യും
കേളിയെക്കണ്ടു കണ്മണി.

അപ്രഗത്ഭനാണെങ്കിലും, നവ-
കല്പനോത്സുകൻ, ബാലകൻ
തൽക്കരങ്ങളാൽ വാർത്തിതങ്ങനെ
സൽക്കലോപരിപൂർത്തികൾ!

തൃപ്തിയായതില്ലുണ്ണി, പൂക്കളാൽ
തീർത്തുമാലകൾ ചാർത്തുവാൻ
പൂർത്തിയായതില്ലോമന, നിന്നു-
വേർത്തു ചിന്തിച്ചു വേറെയും.

വേണം കാഞ്ചനകാഞ്ചി, കിങ്ങിണി
വേണുവും മയിൽപ്പീലിയും!
കുഞ്ഞിക്കൈകളിൽ വെണ്ണയും, മെയ്യിൽ
മഞ്ഞപ്പട്ടുടയാടയും!

പച്ചിലകളും കമ്പുമായവൻ
വെച്ചു വേണ്ടവയൊക്കെയും

കണ്ണനു മുമ്പിൽ കൈതൊഴുതുനി-
ന്നുണ്ണി മന്ത്രിച്ചിതീവിധം:

“കണ്മണീ, യെന്നെക്കാത്തുകൊള്ളണേ!
കണ്ണനേ, കടൽവർണ്ണനേ!
വെണ്ണയും മലരപ്പവും തരാം
കണ്ണനേ, കടൽവർണ്ണനേ!
കണ്ണുകൾ തുറന്നെന്നെ നോക്കണേ!
കണ്ണനേ, കടൽവർണ്ണനേ!”

അമ്മയപ്പുണ്ണികണ്ടു കോപിച്ചി-
ട്ടമ്മണൽ തട്ടിനീക്കിനാൾ
“ചൂലുകൊണ്ടമ്മേ തുത്തെറികയോ
ബാലകൃഷ്ണനെയീവിധം?
അമ്മയിന്നലെയമ്പലത്തിലെ-
യമ്പാടിമണിപ്പൈതലേ
വന്ദിക്കാനെന്നെക്കൊണ്ടുപോയില്ലേ,
പിന്നെയെന്താണിന്നിങ്ങനെ?...”



# കുഞ്ഞുകിനാക്കൾ

വിണ്ണിൽ വന്നു മിന്നിടും
പൊന്നു താരകങ്ങളേ,
മണ്ണിൽനിന്നു കൈകൾ നീട്ടു-
മെന്നെയൊന്നു നോക്കണേ!

വണ്ണമേലും പൂനിലാ-
പ്പട്ടുടുത്തു വിണ്ണിലേ
തിണ്ണമേലണഞ്ഞിടുന്ന
തിങ്കളിന്റെ പൈതലേ,

പുണ്യമാർന്ന നിൻപദം
ഭൂരിഭൂരിസൗഖ്യദം
കണ്ണിനുത്സവംകണക്കു
കാണ്മു, ദൂരെ ഞാനിദം

ശുഭ്രമേഘമാലകൾ
ചക്രവാള സീമയിൽ
സുപ്രകാശരശ്മി വീശി
നീങ്ങിടുന്നു മോടിയിൽ.

പാഴിലാണു നിങ്ങളെ
പാട്ടിലാക്കിടാൻ ശ്രമം
പൂഴിമണ്ണിൽ വീണലഞ്ഞു
കേണിടാൻ പിറന്നു ഞാൻ!

അമ്മയില്ല നോക്കുവാൻ
അച്ഛനില്ല കാക്കുവാൻ
നന്മയൊന്നുപോലുമില്ല
'നമ്മളെ'ന്തു ചെയ്യുവാൻ?...

കർമ്മദോഷമായിടാം
കഷ്ടകാലമേറിടാം
ജന്മപാപമൊന്നിനൊന്നു
കുന്നുകൂടി നിന്നിടാം.

ശാന്തമായ ശൈശവം
താന്തമിന്നു വൈഭവം
ഞാൻ തനിച്ചു നീന്തിടേണ-
മുഗ്രമാകുമർണ്ണവം.

നീലവിണ്ടലത്തിലേ
നിത്യനന്ദനത്തിലേ
നീളെനീളെപ്പുഞ്ചിരിക്കും
ഗോളനാളപ്പൂക്കളേ,

ചിത്രവർണ്ണമോഹനം
ചിൽപ്രസാദ പാവനം
പത്രമേന്തി മൽക്കിനാവു
പുൽകിടട്ടെ, നിങ്ങളെ.

അസ്ഥലത്തു വന്നെനി-
യ്ക്കുത്തലൊക്കെ നീക്കണം
അസ്തമിച്ചിടാതെ നിങ്ങൾ
നൃത്തമാടി നിൽക്കണം!



## വവ്വാൽ

വാഴക്കുടത്തിലെ തേനുണ്ണാനന്തിക്കു
താഴത്തേക്കെത്തിയ വവ്വാലേ,

വാരൊളി വീശിയ വാസരവേളയിൽ
ചോരനാം നീയൊളിഞ്ഞോടീലേ?...

പാരിടം മങ്ങിമയങ്ങിയ നേരത്തു
പാരാതെ നീയുമിറങ്ങീലേ?...

നേരും നെറിവുമില്ലല്ലവെളിച്ചത്തെ
നേരിടാൻ പോലുമേ പോരാതെ,

കൂരിരുളിൻ ചുരുളാകെ നിവരുമ്പോൾ
ഭീരു നീ ചുററിത്തിരിയുന്നു.

എങ്ങിരുന്നീടുന്നിതത്രയും നേരം നീ-
യെന്നു ഞാൻ നാടാകെ നോക്കുമ്പോൾ,

അങ്ങേപ്പുറമ്പിലെയാലിൻെറ കൊമ്പത്തു
തൂങ്ങിക്കിടപ്പൂ നീ വല്ലാതെ.

നിൻ തല താഴോട്ടു തൂക്കിയിട്ടങ്ങനെ
നിൻനിലപാടു ദയനീയം.

ശീഷാസനത്തിൽ തപസ്സുചെയ്യുന്ന നീ
ശീലിപ്പതെന്തോ മറിമായം!

ഞാനും കുരുവിയുമണ്ണാനും കാലത്തു
തേനുണ്ണാൻ വാഴയെത്തേടുമ്പോൾ,

കള്ളനാം നീ തലേരാത്രിയിലാമധു-
കൊള്ളയടിച്ചതായ്ക്കാണുമ്പോൾ,

സങ്കടം കോപം വിരോധമസൂയയും
തങ്കിടും ഞങ്ങളെ നോക്കാതെ


മായാവിയായ നീയാലിൻെറ തുഞ്ചത്തു
മൗനസമാധിയിൽ തൂങ്ങുന്നു.

'ഞാനേതുമറിഞ്ഞില്ലേ രാമനാരായണ'
ഞാലുന്നു നീയാമരക്കൊമ്പിൽ

പക്ഷിക്കുചേർന്ന ചിറകും മൃഗത്തിൻെറ
ലക്ഷണവുമൊത്ത വവ്വാലേ,

കക്ഷിവ്യത്യാസങ്ങളോരാതെ വന്നിരു-
പക്ഷത്തും വാദിക്കും വക്കീലേ,

അങ്ങുവിരുന്നുകാർ വന്നാൽ നീ ചൊല്ലുലേ
"അങ്ങേക്കൊമ്പത്തു തൂങ്ങിക്കോ!"



## മകുടം ചാർത്തട്ടെ!

കുട്ടികളേ, കുട്ടികളേ,
നിങ്ങൾക്കെന്തൊരു വിളയാട്ടം
തട്ടുകളിൽ, തിട്ടുകളിൽ
പശുവും പുലിയും പോരാട്ടം.
ചത്വരത്തിൽ, ചത്വരത്തിൽ
ചതുരംഗക്കരുവെന്നോണം
ചതുരന്മാർ, ചപലന്മാ-
രൊററക്കാലിൽച്ചാഞ്ചാട്ടം
വട്ടത്തിൽ, വട്ടത്തിൽ
താളലയത്തിന്നൊപ്പിച്ച്
പൊട്ടും തൊട്ടോമനമാർ
പാടിപ്പാടിക്കോലാട്ടം

നേരത്തേ കാലത്തേ
പരിഹാസത്തിനു വന്നെത്തി
ചാരത്തും ദൂരത്തും
രസികന്മാരുടെ മയിലാട്ടം

മുററത്തും പാടത്തും
മുണ്ടുമടക്കിക്കുത്തിക്കൊ-
ണ്ടൊററയ്ക്കും പെട്ടയ്ക്കും
വിരുതന്മാരുടെ പന്താട്ടം

കാലത്തും സന്ധ്യയ്ക്കും
കടവുകൾതോറും പാഞ്ഞെത്തീ-
ട്ടോളത്തിൽ മേളത്തിൽ
കുത്തിമറിഞ്ഞൊരു നീരാട്ടം

തക്കിച്ചും കോപിച്ചും
തമ്മിൽത്തമ്മിൽ പിടികൂടി
തല്ലിച്ചും നോവിച്ചും
തക്കംപാത്തൊരു നെട്ടോട്ടം.

തങ്ങളിലിങ്ങനെ മേളിക്കു
തകരാറോരോന്നൊപ്പിക്കു
തളിത്തു നീളെപ്പുഞ്ചിരിതൂകു
മുകുളിത ബാലകരേ!

തലമുറ നീങ്ങിവരുന്തോറും
തരളതയേറിവരുന്തോറും
കലകുലയായിക്കുലച്ചുപൊങ്ങിയ
നിങ്ങടെ കലവികളിൽ,

കുതിച്ചുതുള്ളിക്കൂടില്ലേ
        കുതുകാലുലകിൻ തൻേറടം
മദിച്ചു മധുവും മണവും തേടും
        കലയുടെ കളിവാടം.

മനത്താളും മഴവില്ലിൻ
        മാതിരിമന്നിന്നങ്കത്തിൽ
മാനംകുളർപ്പിച്ചേഴനിറങ്ങളി-
        ലുണരും കുഞ്ഞുങ്ങൾ,

മഞ്ഞിലുറങ്ങും താരങ്ങൾ
        മന്നിൽക്കാണും സ്വപ്നങ്ങൾ
നെഞ്ഞിലൊതുക്കിപ്പറന്നു പാറി-
        പ്പതറും കുഞ്ഞുങ്ങൾ,

തിമിത്തു തുള്ളിച്ചാടട്ടേ,
        കാടുകളെല്ലാം കാട്ടട്ടേ,
നമുക്കു ജീവിതസുകൃതത്തിന്നൊരു
        മകുടം ചാർത്തട്ടേ!



# സമുദ്രം

ആരവം കൂട്ടിയക്കാണ്ടും
വാരിരാശി നിരന്തരം
ആയിരം കൈകളാൽ പാര-
മാകർഷിക്കുന്നു നമ്മളെ.

നീലവാനത്തു ചന്ദ്രാർക്ക-
ബാലരോടിക്കളിക്കവേ,
സാഗരം താളമൊപ്പിച്ചു
നൃത്തമാടുന്നു ഭൂമിയിൽ

സ്വർണ്ണനക്ഷത്രപോതങ്ങൾ
വിണ്ണുവിട്ടലയാഴിയിൽ
ഹന്ത! നീന്തിത്തുടിക്കുന്നു-
ണ്ടന്തിതൊട്ടുദയംവരെ.

മാരിവില്ലുകളാകുന്ന
തോരണങ്ങൾ തൊടുക്കുവാൻ
മാനമായ്ച്ചക്രവാളത്തിൽ
മുട്ടിനില്ക്കുന്നിതംബുധി.

പൂനിലാവു പുതച്ചോരോ
മേഘകന്യാകുമാരികൾ,
പൊൻചിലങ്ക കിലുങ്ങിച്ചു
സഞ്ചരിക്കുന്നിതുമ്മിയിൽ.

മഞ്ജുളാർണ്ണവസംഭ്രതൻ
കുഞ്ഞുമൺസൂൺ സമീരണൻ,
ചൂളമിട്ടു ചുരത്തുന്നു
വർഷസംഗീതധാരകൾ!...

മഞ്ഞുകാലത്തു വെൺപട്ടും
മഞ്ഞവെയ്‌ലത്തു കാവിയും
മഴയാം കൈലിയും പൂണ്ടും
സാഗരം ഹാ! മനോഹരം!

ഇന്ദ്രനീലതരംഗങ്ങ-
ളിളകും കടലിന്നകം,
നവരത്നങ്ങൾ, സസ്യങ്ങൾ!
ജലജന്തുക്കൾ നൗകകൾ!

പാരിലാകെപ്പരന്നുള്ള
വാരിരാശിയിലൊന്നിതാ
അറബിക്കടലായ് വന്നു
പുൽകുന്നു കേരളോർവ്വിയെ.

# മഴവില്ല്

മഴവില്ലേ, മഴവില്ലേ,
മാനത്തങ്ങനെ നിന്നാലോ
മഴവന്നാൽ നനയില്ലേ,
നിന്നുടെ വീട്ടിൽ കുടയില്ലേ?...

മഴവില്ലേ, നിറവില്ലേ,
സാരിയുടുപ്പുകളിനിയില്ലേ,
മയിലെല്ലാം മലനാട്ടിൽ
പീലിവിരിച്ചതു കണ്ടില്ലേ?...

മഴവില്ലേ, നീയല്ലേ,
മാനത്തിൻെറയരഞ്ഞാണം
മായൊല്ലേ, പോവൊല്ലേ,
കുഞ്ഞിനു കാണാൻ നീ വേണം.



# പൎവ്വതം

പൊൽക്കിരീടം ധരിക്കുന്ന
ചക്രവൎത്തിക്കു തുല്യമായ്
നില്ക്കുന്നൂ ചക്രവാളത്തിൽ
പൊക്കമേറുന്ന പൎവ്വതം.

മിന്നലും മുകിലും കൊണ്ടു
പൊന്നുടുപ്പണിയുന്നവൻ
മിന്നിടും മഴവില്ലാലേ
കിന്നരിത്തൊപ്പി ചാൎത്തുവോൻ,

പച്ചിലക്കാടിനെപ്പുത്തൻ
മുത്തുക്കുടകളാക്കുവോൻ
പൂമരങ്ങളിലെമ്പാടും
ചാമരങ്ങൾ ചുഴറ്റുവോൻ

അക്ചെന്ദ്രരുദിക്കുമ്പോ-
ളാലവട്ടം പിടിക്കുവോൻ
പുതുനക്ഷത്ര ലക്ഷത്താൽ
പുഷ്പവൃഷ്ടി നടത്തുവോൻ,

അകലത്തംബരക്കോണിൽ
തല ചായിച്ചു നിർഭയം
പാരിലേയ്ക്കുററു നോക്കുന്നു
പരിതൃപ്തൻ മഹാഗിരി.

ഗജശാർദ്ദൂല ഭല്ലൂക-
ഹരിണാദി മൃഗാവലി
വിഹരിച്ചു രസിക്കുന്നു
ഹരിതാദ്രിതടങ്ങളിൽ.

മഞ്ജുഹേമന്ത വാസന്ത-
മന്ദഹാസം തുളുമ്പവേ,
കിളിയും കുയിലും പാടും
ഗിരികാനന വന്ദികൾ.

കാലവർഷം മുളങ്കാടാം
മയിൽപ്പീലി വിടർക്കവേ
ദാനനീർ തൂകുവോൻ സഹ്യൻ
മദയാനയൊടൊപ്പമാം.

മലനാടിനെ രക്ഷിക്കാൻ
മാനം മുട്ടിയ കോട്ടപോൽ
നില്പൂ, പശ്ചിമഘട്ടങ്ങൾ
നീലമേഘവിതാനമായ്!



# ബാലകേരളം

കോപിച്ചു കണ്ണും മിഴിച്ചുവന്നു
ഗോകർണ്ണക്കുന്നിന്മേലേറി നിന്നു,
കോടാലിരാമനുറഞ്ഞുറഞ്ഞു
കോടാലി തെക്കോട്ടെട്ടത്തെറിഞ്ഞു—വെള്ളി-
ക്കോടാലി തെക്കോട്ടെട്ടത്തെറിഞ്ഞു.

അന്യായമായതു താണു താണു
കന്യാകുമാരിയിൽ ചെന്നു വീണു.
അന്നോളം മാമലമുട്ടിനിന്നോ-
രണ്ണവം വാപൊത്തി മാറിടുന്നു—പേടി-
ച്ചണ്ണവം വാപൊത്തി മാറിടുന്നു.

കോരകം പൊട്ടിവിടർന്നപോലെ
കേരളം പൊങ്ങി വിളങ്ങിചാലെ
ഞാറുകൾ തിങ്ങിപ്പൊടിച്ചു മണ്ണിൽ
കാറുകൾ കണ്ണീർ പൊഴിച്ചു വിണ്ണിൽ—മഴ-
ക്കാറുകൾ കണ്ണീർ പൊഴിച്ചു വിണ്ണിൽ.

കാനനപ്പൂച്ചകൾ കാററിലാടി
കാനനച്ചോലകൾ പാട്ടുപാടി
കേരങ്ങൾ മുത്തുക്കുട നിവത്തു
താരങ്ങൾ പുഞ്ചിരിപ്പൂവുതിത്തു—സ്വർഗ്ഗ-
താരങ്ങൾ പുഞ്ചിരിപ്പൂവുതിത്തു.

തോരണം കെട്ടുന്ന മാരിവില്ലിൻ
തോളത്തു കേറിയ കാലവർഷം
തോരാതെ തൂകുന്ന മുത്തുകൊണ്ടു
തോഴികളാറുകൾ മാലകോത്തു—ചൂഴം
തോഴികളാറുകൾ മാലകോത്തു.

പത്തു വൃത്തങ്ങളിൽ പൂവണിഞ്ഞു
പത്തനംതോറുമണഞ്ഞിതോണം!
പട്ടുപാവാടയും വീശിവീശി
മുററത്തു ചന്ദ്രിക നൃത്തമാടി—വീട്ടു
മുററത്തു ചന്ദ്രിക നൃത്തമാടി.

മാവേലി, വീടുകൾ തോറുമെത്തി
മാലോകക്കൊക്കെയുമെന്തു ഭക്തി!...
നാനാവിനോദത്തിൽ നീന്തിനീന്തി
നാട്ടും നഗരവും കാന്തിചിന്തി—മല-
നാട്ടും നഗരവും കാന്തിചിന്തി.

പങ്കങ്ങൾ നീക്കുവാൻ വന്നൊരാദി-
ശങ്കരനോത്തു പഠിച്ച നാട്ടിൽ,
അന്തിയിലീശ്വരനാമമോതി-
ത്തൻകരം കൂപ്പുന്നു താമരയും—നീളെ-
ത്തൻകരം കൂപ്പുന്നു താമരയും.

അക്ഷയഭംഗികളാന്ന പുത്ത-
നക്ഷരമാലയുമിട്ടൊരുങ്ങി
പിച്ചവെച്ചെത്തുന്ന കൈരളിപ്പെ-
ണ്ണച്ഛനാം തുഞ്ചൻെറ കാൽച്ചുവട്ടിൽ—എഴ-
ത്തച്ഛനാംതുഞ്ചൻെറ കാൽച്ചുവട്ടിൽ.

പൊൻചിലമ്പൊച്ചകൾ കേൾക്കുമാറു
സഞ്ചരിച്ചാനേരമ്പോക്കുകാരി
കുഞ്ചൻെറ കൂത്തരങ്ങത്തുവന്നു
കൊഞ്ചിക്കുഴഞ്ഞു ചിരിച്ചിട്ടുന്നു—പാരം
കൊഞ്ചിക്കുഴഞ്ഞു രസിച്ചിട്ടുന്നു.

ആംഗ്യവും മുദ്രയും മാത്രമായി-
ട്ടാടിത്തകത്ത കുറുമ്പുകാരി,
നാടകംതോറുമിന്നോടിയോടി
നാടൻ തരുണിയായ് മാറിയല്ലോ!—നല്ല
നാടൻ തരുണിയായ് മാറിയല്ലോ!

പാട്ടുകൾ പാടും കഥപറയും
കൂട്ടുകാരൊത്തവൾ സഞ്ചരിക്കും
ലോലരസങ്ങളഭിനയിക്കും
ലോകചലച്ചിത്രവേദികളിൽ—നാനാ-
ലോക ചലച്ചിത്രശാലകളിൽ.

കുഞ്ഞുങ്ങൾ കൈകോർത്തു കൂട്ടുകൂടി
കുഞ്ഞിക്കാൽക്കൊണ്ടോരോ നൃത്തമാടി
കുഞ്ജങ്ങൾ തോറും മുഴക്കിടട്ടെ
കുന്നലനാട്ടിൻെറ കീർത്തനങ്ങൾ—നീല-
ക്കുന്നലനാട്ടിൻെറ കീർത്തനങ്ങൾ!



# കുട്ടപ്പന്റെ കെണി

വീട്ടിനടുത്തൊരു കാടുണ്ടേ!
കാട്ടിനകത്തൊരു മുയലുണ്ടേ!
വീട്ടിലിരിപ്പൂ കുട്ടപ്പൻ
കൂട്ടിനു പട്ടിയുമവനുണ്ടേ!
മുയലുപിടിപ്പാൻ കുട്ടപ്പൻ
മുതിരുകയായീ തോട്ടത്തിൽ
കാടുവളച്ചൊരു ഭാഗത്ത്
കൂടുണ്ടാക്കീ കുട്ടപ്പൻ
മുറുഭാഗത്തൊരു കെണിവെച്ച്
മരവും ചാരിയിരിക്കുമ്പോൾ
തേടിനടന്നൂ ചെറുപട്ടി
കാടകമെല്ലാം ബൗ ബൗ ബൗ.

മുയലൊരു ചാട്ടം ചാടുന്നു
പിറകേ കൂടീ ചെറുനായും
കേറിയൊളിക്കാൻ മടനോക്കി
പാറിപ്പാഞ്ഞൊരു മുയലപ്പോൾ
പതിവില്ലാതത്തോട്ടത്തിൽ
പുതുതാം പൊത്തിൽ ചെന്നെത്തി.

തറയിൽ കുന്തിച്ചിളകാതെ
തലയിൽ കൈവെച്ചതുനോക്കി
വട്ടം ചുററിപ്പെട്ടെന്നാ-
വട്ടക്കണ്ണാലതു നോക്കി.
മൂക്കുമണപ്പിച്ചെത്തുന്നു
കുക്കുരവീരൻ പിടികൂടാൻ
കുഴിയിൽ ചാടിയ മുയലിന്നു
പിഴപററിപ്പോയ്! കെണിയല്ലേ?...
രക്ഷയ്ക്കെത്തിയ മുയലപ്പോൾ
പക്ഷിക്കൂട്ടിൽ തടവായി.

തുള്ളിച്ചാടീ കുട്ടപ്പൻ
തൊള്ളതുറന്നു ചെറുപട്ടി
പേടിക്കേണ്ടാ ചെറുമുയലേ!
വീടിന്നുള്ളിലിരിക്കാമേ.
കാടും പടലും തേടേണ്ടാ
മേടയ്ക്കുള്ളിലിരിക്കാമേ!



# പുലരി

താരകളെല്ലാം മയങ്ങിയപ്പോൾ
കൂരിരുളങ്ങിങ്ങൊതുങ്ങിയപ്പോൾ
താഴത്തു മൂടിപ്പുതച്ചു, പൂവൻ-
കോഴികൾ കാഹളമൂതിയപ്പോൾ
പൂമരക്കാടിന്റെ കാന്തിയേന്തി
താമരച്ചോലയിൽ നീന്തിനീന്തി
മഞ്ഞവെയിലാൽ തല തുവത്തി
മഞ്ഞിനാൽ പട്ടുടയാട ചാർത്തി
കുഞ്ഞുസുമങ്ങൾ കൊരുത്തിണക്കി
മഞ്ജുഗളത്തിനു മാലയാക്കി
പിച്ചകവല്ലിയിലാടിയാടി
കൊച്ചുകിളികളാൽ പാട്ടുപാടി
തെന്നലിൻ തേരിലെ കൂട്ടുകാരി
വന്നിടുന്നാരോമൽപ്പൊൻപുലരി.

കറുകയും തുമ്പയും കാത്തുനില്പൂ!
കുറുമൊഴിമുല്ലകൾ കൂത്തടിപ്പൂ!
ചിറകടിച്ചെത്തുന്ന കുഞ്ഞുതുമ്പി
ചിരിപൊഴിച്ചീടുന്ന ചെമ്പരുത്തി.

നിഴലും വെയിലുമുണൻ ചാരേ
മിഴിതുറന്നീടുവിൻ തോഴിമാരേ!
നറുമധുവൂറുന്ന പൂങ്കുലകൾ
നിറതാലമേന്തുന്ന പൂലതകൾ
മണമുതിർന്നീടുന്നിതങ്കണത്തിൽ
മണിനാദം പൊങ്ങുന്നിതമ്പലത്തിൽ
മുഴുകൊലാ നിദ്രയിൽ നിങ്ങൾ, നേരേ
മിഴിതുറന്നീടുവിൻ തോഴിമാരേ!

# പന്ത്രണ്ടു മാസങ്ങൾ

ചിങ്ങം—കന്നിയും
നല്ല തുലാവും
പൊങ്ങും—വൃശ്ചികം
പൊന്നു ധനുവും
മഞ്ഞിൻ—കാലം
മകരവും കുംഭം
മിന്നും—മീനവും
മേടവും പിന്നെ
മിന്നി—ക്കേറു മിടവം
മിഥുനം
ചെന്ന—ങ്ങെത്തിടും
കർക്കടകത്തിൽ
ആണ്ടിൽ—പന്ത്രണ്ടു
മാസമിണങ്ങി
വീണ്ടും—വന്നിടും
ചിങ്ങം തുടങ്ങി.

★

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM.

Cl. No. 14A10 Acc. No. 6949

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |

MA10 6949

നാരായണൻ നായർ
പാലാ
...ത്തൽ

MA10

നാരായണൻ നായർ
പാലാ
ഭാമനൈവൈമ്പത്തൽ

6949

6 JUN 1967